(ബി, സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

ചാലിയാർ പുഴയിൽ കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ്

50(1326) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ചാലിയാർ പുഴയിൽ കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് കമ്മീഷൻ ചെയ്തെങ്കിലും റഗുലേറ്ററിന്റെ പ്രവർത്തനം നടക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ പുഴയുടെ പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കാത്തതുമൂലം ഉണ്ടാകുന്ന ശക്തമായ കരയിടിച്ചിൽ തടയാനും റെഗുലേറ്റർ പ്രവർത്തനം ആരംഭിക്കാനും നടപടി സ്വീകരിക്കുമോ;

(സി) റഗുലേറ്റർ പ്രവർത്തനം ആരംഭിച്ചാൽ മാവൂർ, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ തുടങ്ങിയ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പദ്ധതി ലക്ഷ്യമിട്ടിരുന്നോ;

(ഡി) എങ്കിൽ ഇത് പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തിപ്പിച്ച് വെള്ളം സംഭരിക്കുന്നുണ്ട്. ഈ വർഷവും ജനുവരി ആദ്യവാരം തന്നെ എല്ലാ ഷട്ടറുകളും അടച്ച് വെള്ളം സംഭരിച്ചുവരുന്നു.

(ബി) പുഴയുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി, ഡി) റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്പ്സ്ട്രീം സൈഡ് സോഴ്സാക്കി മാവൂർ പെരുവയൽ, പെരുമണ്ണ, ഒളവണ്ണ എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു.

കുട്ടമശ്ശേരി എൽ.ഐ. സ്കീം പരിഷ്ക്കരണം
(ഈസ്റ്റേൺ ബ്രാഞ്ച് കനാൽ)

51(1327) ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിളിന്റെ പരിധിയിൽ വരുന്ന കീഴ്മാട് പഞ്ചായത്തിലെ കുട്ടമശ്ശേരി എൽ.ഐ. സ്കീം പരിഷ്ക്കരണം

LIBRARY ARCHIVES Kerala Legislative Assembly